# ക്വട്ടേഷൻ

KITCO/KGN/05/2018 തീയതി: 19.05.2018

കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കാഞ്ഞങ്ങാട് കോട്ടച്ചേരി റെയിൽവേ മേല്പ്പാലത്തിന്റെ നിർമ്മാണ സ്ഥലത്തു നിൽക്കുന്ന മരങ്ങൾ വിൽക്കുന്നതിനുവേണ്ടി ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| 1. | നീക്കം ചെയ്യുന്നതിനുള്ള സമയപരിധി | : 15 ദിവസം |
| 2. | ഫോറം ലഭ്യത | : 21.05.2018 TO 25.05.2018 (10 AM to 11 AM) |
| 3. | ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയ്യതിയും സമയവും | : 25.05.2018(സമയം 11.30 AM വരെ) |
| 4. | ക്വട്ടേഷൻ സമർപ്പിക്കേണ്ട സ്ഥലം | : കിറ്റ്കോ പ്രൊജക്റ്റ് ആഫീസ്, കാഞ്ഞങ്ങാട് റെയിൽവേ മേൽപാലം |
| 5. | ക്വട്ടേഷൻ തുറക്കൽ | : 25.05.2018 (സമയം 12.00 PM ) |

കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും കിറ്റ്കോ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ : 9847468157, 8893262197

(Sd)
സൈറ്റ് ഇൻ ചാർജ്ജ്

കിറ്റ്കോ

**റോഡ്സ് ആന്റ് ബ്രിഡ്ജസ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**
**(ഒരു കേരള സർക്കാർ സംരംഭം)**
**രണ്ടാംനില, പ്രീതി ബിൽഡിംഗ്, എം.വി.റോഡ്, പാലാരിവട്ടം, കൊച്ചി – 682 025**
**ഫോൺ : (484) 2338205, 2338206 ഫാക്സ 2533294 വെബ് സൈറ്റ് : www.rbdck.com**
**E-mail :rbdckltd@gmail.com**

## അനുബന്ധം–A -നിബന്ധനകൾ

1. വൃക്ഷങ്ങൾ സമയ പരിധിക്കുള്ളിൽ നീക്കം ചെയ്തില്ലെങ്കിൽ മേൽ പ്രവൃത്തി വേറൊരു ഏജൻസിയെക്കൊണ്ട് നടപ്പാക്കുന്നതും (അതിനാൽ മരങ്ങൾ വാങ്ങിയ ആളിന്) താങ്കൾക്ക് ഉണ്ടായേക്കാവുന്ന യാതൊരു നഷ്ടങ്ങളും പരിഗണിക്കുന്നതുമല്ല. മരങ്ങൾ വാങ്ങിയ ആൾ ഏതെങ്കിലും മരങ്ങൾ പ്രൊജക്ട് പ്രദേശത്തു നിന്നും നീക്കം ചെയ്യാതിരുന്നാൽ ആർ.ബി.ഡി.സി.കെ അവ മറ്റൊരു ഏജൻസി മുഖേന നീക്കം ചെയ്യുന്നതും അതിനു വേണ്ടി വരുന്ന തുക കരാറുകാരനിൽ നിന്ന് ഈടാക്കുന്നതുമാണ്.

2. കാഞ്ഞങ്ങാട് റെയിൽവേ മേൽ പാലത്തിന്റെ നിർമ്മാണ സ്ഥലത്തു നിൽക്കുന്ന മരങ്ങൾ വാങ്ങുന്നതിനുള്ള കൊട്ടേഷൻ കാഞ്ഞങ്ങാട് ആർ.ഓ.ബി. സൈറ്റ്, പ്രൊജക്റ്റ് ആഫീസിലുള്ള ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്.
3. ടെൻഡർ കമ്മിറ്റി (KITCO Limited-ലെ ഉദ്യോഗസ്ഥർ) തീരുമാനം അന്തിമവും പങ്കെടുക്കുന്ന എല്ലാവർക്കും ബാധകവും ആയിരിക്കും.

4. <u>നടപടി ക്രമം</u>
   കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ആർ. ഓ. ബി. സൈറ്റിൽ ഉള്ള KITCO–യുടെ പ്രൊജക്ട് ഓഫീസിൽ വച്ച് നിർദ്ദിഷ്ട ദിവസത്തിലും സമയത്തും കൊട്ടേഷൻ തുറക്കുന്നതായിരിക്കും. മേൽ തീയ്യതി എതെങ്കിലും വിധത്തിൽ അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെൻഡറുകൾ തുറക്കുന്നതായിരിക്കും. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന ആളെയായിരിക്കും വിജയി ആയി കണക്കാക്കുക.

5. വിജയിക്കുന്നയാൾ അപ്പോൾ തന്നെ ദർഘാസ് തുകയും മേൽത്തുകയുടെ 10% അധികതുകയും മേൽനടപടികൾ പൂർത്തികരിച്ച് നിർദ്ദേശിക്കുന്നതനുസരിച്ച് അടച്ച് വിൽപ്പന കരാർ ഒപ്പിടേണ്ടതാണ്.

6. മരങ്ങൾ വേരോടു കൂടി പൂർണ്ണമായി നീക്കം ചെയ്യേണ്ടതാണ്.

7. 10% അധികത്തുക പദ്ധതി സ്ഥലത്തുനിന്നും സമയപരിധിക്കുള്ളിൽ മരങ്ങൾ മുറിച്ചു നീക്കിയ ശേഷം തിരികെ നൽകുന്നതാണ്.

8. മരങ്ങൾ സമയപരിധിക്കുള്ളിൽ മുറിച്ചു നീക്കം ചെയ്തില്ലെങ്കിൽ അതിനുശേഷമുള്ള ഓരോ ദിവസത്തിനും മേൽത്തുകയുടെ 10% വച്ച് കുറവ് ചെയ്യുന്നതും അത് പരമാവധി 3 ദിവസം

കരാറുകാരന്റെ ഒപ്പ്

മാത്രമായിരിക്കുകയും ചെയ്യും. മേൽപറഞ്ഞ പരമാവധി ദിവസം ആകുമ്പോൾ ബാക്കി തുക കണ്ടുകെട്ടുന്നതും മേൽ പ്രവൃത്തി വേറൊരു ഏജൻസിയെക്കൊണ്ട് നടപ്പക്കുന്നതും അതിനാലെ മരങ്ങൾ മുറിച്ച് എടുത്ത ആളിന് ഉണ്ടായേക്കാവുന്ന യാതൊരു നഷ്ടങ്ങളും പരിഗണിക്കുന്നതുമല്ല. മരങ്ങൾ മുറിച്ചു നീക്കിയ ആൾ ഏതെങ്കിലും ഭാഗങ്ങളോ പ്രൊജക്റ്റ് പ്രദേശത്തു നിന്നും നീക്കം ചെയ്യാതിരുന്നാൽ Kitco Ltd അവ മറ്റൊരു എജൻസി മുഖേന നീക്കം ചെയ്യുന്നതും അതിനു വേണ്ടി വരുന്ന തുക കരാറുകാരൻ നിക്ഷേപിച്ചിരിക്കുന്ന 10% അധിക തുകയിൽ നിന്നും ഈടക്കുന്നതുമായിരിക്കും. ഈ തുക തികയാതെ വരികയാണെങ്കിൽ റവന്യൂ റിക്കവറി നടപടികളിലൂടെ പ്രസ്തുത തുക വസൂലാക്കുന്നതുമാണ്. “കരാർ ഉറപ്പിച്ചു 15 ദിവസത്തിനകം മേൽപ്പടി മരങ്ങൾ പ്രൊജക്റ്റ് പ്രദേശത്തുനിന്നും വേരോടു കൂടി നീക്കം ചെയ്യേണ്ടതാണ്.

9. പൂർണ്ണമായ അടങ്കൽത്തുകയും 10% അധികത്തുകയും അടക്കുന്നതോടെ മേൽ മരങ്ങളുടെ ഉടമസ്ഥാവകാശം കരാറുകാരനിൽ നിക്ഷിപ്തമാകുന്നതും അപ്പോൾ മുതൽ മരങ്ങളുടെ സംരക്ഷണ ചുമതലയും, അഗ്നിബാധ, കാറ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും അപ്രതീക്ഷിത ദുരന്തങ്ങൾ ഉണ്ടായാലും അതിൻമേൽ യാതൊരുവിധ ഉത്തരവാദിത്വങ്ങളും എടുക്കുന്നതല്ല. കരാറുകാരൻ മേൽത്തുകയിൽ യാതൊരുവിധ അവകാശങ്ങളും ഉന്നയിക്കാൻ പാടില്ലാത്തതുമാകുന്നു.

10. കരാർ ഉറപ്പിച്ച് 15 ദിവസത്തിനകം മേൽ മരങ്ങൾ ആർ.ബി.ഡി.സി.കെ. ലിമിറ്റഡിനോ പരിസരവാസികളുടെ വസ്തുവകകൾക്കോ യാതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാക്കാതെ നീക്കം ചെയ്യേണ്ടതാണ്. മരങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിനായി വൈദ്യുതി ലൈൻ അല്ലെങ്കിൽ മറ്റേതെങ്കിലും സർവീസ് ലൈനുകൾ സ്വിച്ച് ഓഫ് ചെയ്യുകയോ നീക്കം ചെയ്യുകയോ വേണ്ടിവന്നാൽ അത് കരാറുകാരൻെറ ചെലവിലും ഉത്തരവാദിത്വത്തിലും ചെയ്യേണ്ടതാണ്. ഏതെങ്കിലും നാശനഷ്ടങ്ങളോ കേടുപാട് തീർക്കലോ മേൽപ്രവൃത്തിമൂലം ആവശ്യമായി വന്നാൽ അതിനുള്ള ചെലവ് കരാറുകാരൻ വഹിക്കേണ്ടതായിരിക്കും.

11. മുറിച്ചു മാറ്റുന്നതിനായി അടയാളപ്പെടുത്തിയിട്ടുള്ള വൃക്ഷങ്ങൾമാത്രമേ നീക്കം ചെയ്യാവൂ. പൂർണ്ണ വിവരം അനുബന്ധം (ബി)യിൽ കൊടുത്തിട്ടുണ്ട്.

12. നിർദ്ദിഷ്ട വൃക്ഷങ്ങൾ പരിശോധിക്കുന്നതിന് പ്രവൃത്തി ദിവസങ്ങളിൽ 10.00 മണി മുതൽ 3.00 മണി വരെ കിറ്റ്കോ ലിമിറ്റഡിന്റെ പ്രൊജക്ട് ആഫീസിലുള്ള ചുമതലപ്പെട്ട എഞ്ചിനീയറെ (ഫോൺ 9847468157, 8893262197) സമീപിക്കേണ്ടതാണ്.

13. **മേൽപ്പറഞ്ഞ നിബന്ധനകൾ അനുസരിക്കുന്നതിന് കരാറുകാരന് ബാധ്യത ഉണ്ടായിരിക്കുന്നതും അതിനുള്ള സമ്മതം എന്ന നിലയിൽ കരാറുകാരൻ ഈ ഫോമിൻെറ എല്ലാ പേജുകളിലും ഒപ്പിടേണ്ടതുമായിരിക്കും.**

14. എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ ടെൻഡർ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കുന്നതും അത് അനുസരിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

(കരാറുകാരൻെറ ഒപ്പ്)
(പേര്, മേൽ വിലാസം, ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം :

തീയതി :

അനുബന്ധം – B

റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

മരങ്ങളുടെ ലിസ്റ്റ്.

| ക്രമ.നം | ഇനം | ചുറ്റളവ്.സെ.മീ |
|---|---|---|
| 1 | വാക | 435 |
| 2 | വാക | 500 |
| 3 | വാക | 325 |
| 4 | വാക | 535 |
| 5 | മാവ് | 155 |
| 6 | മാവ് | 990 |
| 7 | മാവ് | 107 |
| 8 | മാവ് | 154 |
| 9 | പ്ലാവ് | 840 |
| 10 | കലശ്(ഉദി) | 640 |
| 11 | വാക | 310 |
| 12 | വാക | 180 |
| 13 | വാക | 280 |
| 14 | സപ്പോട്ട | 100 |
| 15 | വാക | 285 |
| 16 | മഹാഗണി | 60 |
| 17 | തേക്ക് | 80 |
| 18 | തേക്ക് | 75 |
| 19 | മഹാഗണി | 50 |
| 20 | മഹാഗണി | 100 |
| 21 | മഹാഗണി | 60 |
| 22 | മഹാഗണി | 75 |
| 23 | മഹാഗണി | 65 |
| 24 | പന | 120 |
| 25 | പന | 120 |
| 26 | പന | 110 |
| 27 | പന | 110 |
| 28 | പന | 115 |
| 29 | പുളി മരം | 120 |
| 30 | തേക്ക് | 90 |
| 31 | തെങ്ങ് | 74 എണ്ണം |
| 32 | കമുക് | 11 എണ്ണം |

# അനുബന്ധം - C

| ക്രമ നം. | വിവരണം | തുക (in Rs) |
|---|---|---|
| a | മരങ്ങളുടെ തുക (നികുതി അടക്കം) | |
| b | ആകെ തുക | |

തുക അക്ഷരത്തിൽ ........................................................................................................................ രൂപ

(കരാറുകാരൻെറ ഒപ്പ്)
(പൂർണ്ണപേരും വിലാസവും ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:

തീയ്യതി: